# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 84

28.06.2016-ൽ മറുപടിയ്ക്ക്

**പെൺവാണിഭം, പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ പീഡനം എന്നിവ സംബന്ധിച്ച കേസുകൾ**

**ചോദ്യം**

ശ്രീ.പി.കെ.ബഷീർ

**മറുപടി**

ശ്രീ.പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) 2015-16 വർഷത്തിൽ പെൺവാണിഭം, പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ പീഡനം എന്നിവ സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്നും, ഏതെല്ലാം കേസുകളിൽ പ്രതികളെ അറസ്റ്റു ചെയ്തുവെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(എ) 2015-16 വർഷത്തിൽ പെൺവാണിഭം, പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ പീഡനം എന്നിവ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

രജിസ്റ്റർ ചെയ്ത പെൺവാണിഭ കേസുകളുടെ എണ്ണം

| 2015 | 2016 (20.06.2016 വരെ) |
|---|---|
| 5 | 5 |

പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ പീഡനം സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകൾ

| | 2015 | 2016 (20.06.2016 വരെ) |
|---|---|---|
| Rape with Murder | 0 | 0 |
| Rape | 732 | 382 |
| Molestation | 262 | 124 |
| Eve-teasing | 15 | 2 |
| Kidnapping | 150 | 46 |
| POCSO | 417 | 194 |
| Others | 142 | 83 |

പ്രതികളെ അറസ്റ്റ് ചെയ്ത കേസുകളുടെ വിവരം

| *Dist.* | *Police Station* | *Crime No.* | *Sec.of Law* |
|---|---|---|---|
| TSR | Kodakara | 1528/15 | 3&4 of ITP Act 1956 |
| | Kunnamkulam | 458/16 | 3,4,5 & 7 of ITP Act |
| MLP | Kolathur | 75/16 | 372, 376(2)(i)(n) of IPC & 5(i), 6 of POCSO Act |

| | | | |
|---|---|---|---|
| | Kottakkal | 698/15 | U/s 354, 372, 376 r/w 34 IPC |
| | Kottakakl | 762/15 | U/s 372, 376(i)(2) 1 & n IPC |
| | Changaramkulam | 149/16 | U/s 3,4,5 IT Act |

പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ പീഢനം സംബന്ധിച്ച് രജിസ്റ്റർ ചെയ്ത എതെല്ലാം കേസുകളിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന വിവരം **അനുബന്ധമായി** ചേർത്തിരിക്കുന്നു.

(ബി) ആഭ്യന്തര വകുപ്പും സർക്കാർ രൂപീകരിച്ച പ്രത്യേക പോലീസ് സംഘവും ഓപ്പറേഷൻ ബിഗ് ഡാഡി വഴി രജിസ്റ്റർ ചെയ്ത കേസ്സുകൾ എത്രയെന്നും അതിൽ എത്ര കേസുകളിൽ പ്രതികളെ അറസ്റ്റുചെയ്തുവെന്നും അറിയിക്കുമോ;

(ബി) 5 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിലെ 5 കേസുകളിലേയും 51 പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) ഇത്തരക്കാർ സാമൂഹ്യ മാധ്യമങ്ങൾ കൂടുതലായി ഉപയോഗിക്കുന്നതിനാൽ ഇവ ഉപയോഗിച്ചുള്ള പെൺവാണിഭങ്ങളും മറ്റും തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

(സി) സാമൂഹ്യ മാധ്യമങ്ങൾ ഉപയോഗിച്ചുള്ള പെൺവാണിഭങ്ങളും മറ്റും തടയാൻ Face book, Locanto എന്നീ വെബ് സൈറ്റുകളുടെ അധികൃതരുമായി ബന്ധപ്പെട്ടിട്ടുണ്ട്. കൂടാതെ സൈബർ ക്രൈം പോലീസ് സ്റ്റേഷൻ, സൈബർ ഡോം എന്നിവ മുഖേന സൈബർ പട്രോളിംഗ് നടത്തി ഇത്തരത്തിലുള്ള കുറ്റകൃത്യം കണ്ടുപിടിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനു പുറമെ പെൺവാണിഭങ്ങളും മറ്റും തടയാൻ സ്കൂളുകൾ, കോളേജുകൾ എന്നിവ കേന്ദ്രീകരിച്ച് ജാഗ്രതാ സമിതികൾ രൂപീകരിച്ചും ബോധവൽക്കരണ ക്ലാസുകൾ, ഷോർട്ട് ഫിലിം പ്രദർശനങ്ങൾ നടത്തിയും വേണ്ട മുൻകരുതലുകൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**